Drivers	10½ Chs.
Lorry attenders	7 Chs.

(4) *Special allowance—Alwaye Munnar Lorry service.*—The Drivers operating the above service are given a special allowance of Rs. 15 per mensem.

(*d*) *Batta.*—Batta is being paid at the following rates.—

Inspectors	..	12 Annas per day.
Drivers	..	8 ,,
Conductors	..	8 ,,
Lorry attenders	..	6 ,,
Parcel attenders	..	6 ,,

(*e*) *Overtime allowance.*—The Drivers and conductors are being paid overtime allowance at the rate of 1½ times their normal wages for actual hours of extra work done.

ഓവർലോഡ്

* ൪൨ ൭. (൧൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിലും പ്രൈവറ്റ് സർവ്വീസ് ബസ്സുകളിലും ഓവർലോഡ് കയറ്റുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും രൂളോ സർക്കുലറോ ഉണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ബി) ആ രൂളിനെ അതിലംഘിച്ചു പ്രൈവറ്റ് ബസ്സുകളിൽ ഓവർലോഡ് കയറ്റുന്നതായി സർക്കാരിനറിയാമോ;

(സി) അതിനെ നിയന്ത്രിക്കുന്നതിനു് സർക്കാരു് എന്തെങ്കിലും ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്. മോട്ടോർ വെഹിക്കിൾസ് രൂൾ 341 (iv) (2).

(ബി) അറിയാം.

(സി) ഉണ്ടു്. രൂളിനെ അതിലംഘിച്ചു ഓവർലോഡ് കയറ്റിയാൽ പ്രോസിക്യൂഷനൊ ഡിപ്പാർട്ട്മെൻറലായി വണ്ടിയുടെ പെർമിറ്റ് റദ്ദ്ചെയ്യുക, ഡ്രൈവരുടെ ലൈസൻസ്സ് റദ്ദ്ചെയ്യുക, കൺടാക്ടറുടെ പാസ് ബുക്ക് റദ്ദ് ചെയ്യുക മുതലായ ശിക്ഷകളോ കൊടുക്കുന്നുണ്ടു്.

ഓവർലോഡ്

* ൪൨൮. (൧൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എക്സ്പ്രസ് ബസ്സിൽ ഓവർലോഡ് കയറ്റുന്നതു് സംബന്ധിച്ചു എന്തെങ്കിലും സർക്കുലറോ രൂളോ ഉണ്ടോ;

(ബി) സാധാരണ ബസ്സുകളിൽ ഓവർലോഡ് ആകാമെന്നും എക്സ്പ്രസ്സിൽ ഓവർലോഡ് പാടില്ലെന്നും വച്ചിരിക്കുന്നതു് മുതലാളിമാരായ യാത്രക്കാരുടെ സുഖസൌകര്യങ്ങൾക്കു് ഭംഗം വരുത്തുന്നു ഉദ്ദേശിച്ചാണോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഓവർലോഡ് കയറ്റാൻ പാടില്ല എന്ന രൂൾ ഉണ്ടു്.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly